## പതിനാലാം കേരളനിയമസഭ
## നാലാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം: 136** | **27.02.2017-ൽ മറുപടിക്ക്**

### കസേര കത്തിച്ച സംഭവം

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.ഹൈബി ഈഡൻ** | **ശ്രീ. പിണറായി വിജയൻ (മുഖ്യമന്ത്രി)** |
| (എ) എറണാകുളം മഹാരാജാസ് കോളേജിൽ എസ്.എഫ്.ഐ. പ്രവർത്തകർ പ്രിൻസിപ്പാളിന്റെ കസേര കത്തിച്ച സംഭവത്തിൽ എത്ര പേർക്കെതിരെ കേസ് ചാർജ്ജ് ചെയ്തു, ഏതൊക്കെ വകുപ്പ് പ്രകാരമാണ് കേസെടുത്തിട്ടുള്ളത് ; | (എ) എറണാകുളം മഹാരാജാസ് കോളേജിൽ പ്രിൻസിപ്പാളിന്റെ കസേര കത്തിച്ച സംഭവത്തിൽ മഹാരാജാസ് കോളേജ് വൈസ് പ്രിൻസിപ്പാളിന്റെ പരാതിയുടെ അടിസ്ഥാനത്തിൽ കണ്ടാലറിയാവുന്ന 30ഓളം പേർക്കെതിരെ എറണാകുളം സെൻട്രൽ പോലീസ് സ്റ്റേഷനിൽ ക്രൈം നമ്പർ 196/2017 u/s. 451, 143, 147, 149 IPC & Sec. 3(1) PDPP Act പ്രകാരം കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തി 3 പേരെ തിരിച്ചറിഞ്ഞ് അറസ്റ്റ് ചെയ്യുകയുമുണ്ടായി. ടി കേസ് ഇപ്പോൾ അന്വേഷണാവസ്ഥയിലാണ്. |
| (ബി) പട്ടികജാതി വിഭാഗത്തിൽപ്പെട്ട അദ്ധ്യാപികയോട് കുറ്റകരമായ അവഹേളനം കാണിച്ച വിദ്യാർത്ഥികൾക്കെതിരെ പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗത്തോടുള്ള അതിക്രമം തടയൽ നിയമപ്രകാരം കേസ് രജിസ്റ്റർ ചെയ്യുമോ; | (ബി) ഈ കേസിന്റെ നാളിതുവരെയുള്ള അന്വേഷണത്തിൽ പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങൾക്കെതിരെയുള്ള അതിക്രമങ്ങൾ തടയൽ നിയമപ്രകാരമുള്ള കുറ്റകൃത്യം നടന്നതായി വെളിവായിട്ടില്ല. |
| (സി) കലാലയങ്ങളിൽ വിദ്യാർത്ഥി രാഷ്ട്രീയത്തിന്റെ പേരിൽ നടക്കുന്ന ഇത്തരം അതിരുവിട്ട സംഭവങ്ങൾ ആവർത്തിക്കാതിരിക്കാൻ കുറ്റക്കാർക്കെതിരെ കർശന നടപടികൾ കൈക്കൊള്ളുമോ? | (സി) ഇത്തരം കുറ്റകൃത്യങ്ങൾ ശ്രദ്ധയിൽപ്പെട്ടാൽ കുറ്റക്കാർക്കെതിരെ കർശന നിയമനടപടികൾ സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ